# കാലികളിലെ ചർമ്മമുഴ രോഗം

## പാരമ്പര്യ ചികിത്സാ വിധി



## A വായിലൂടെ നൽകാനുള്ളത്

(കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ഇടവിട്ട് മാറി മാറി നൽകുക)

### 1 ആദ്യത്തെ മരുന്ന് മിശ്രിതം

**ചേരുവകൾ : ഒറ്റത്തവണ ഉപയോഗത്തിന് (ഒരു ഡോസ്)**

വെറ്റില - 10 എണ്ണം , കുരുമുളക് - 10 ഗ്രാം, ഉപ്പ് - 10 ഗ്രാം, ശർക്കര - ആവശ്യാനുസരണം

**തയ്യാറാക്കുന്ന വിധം :**

- എല്ലാ ചേരുവകളും നന്നായി അരച്ച് ശർക്കരയുമായി യോജിപ്പിക്കുക
- കുറേശ്ശെയായി വായിലൂടെ ഉള്ളിലേയ്ക്ക് നല്കുക
- ആദ്യത്തെ ദിവസം മൂന്നു മണിക്കൂർ ഇടവിട്ട് ഓരോ ഡോസ് നല്കുക
- രണ്ടാമത്തെ ദിവസം മുതൽ രണ്ടാഴ്ചത്തേയ്ക്ക് ദിവസേന മൂന്ന് ഡോസു വീതം നല്കുക
- ഓരോ തവണ നൽകാനുള്ള മരുന്ന് അപ്പപ്പോൾ തയ്യാറാക്കുക



ഉപ്പ് കുരുമുളക് ശർക്കര വെറ്റില

### 2 രണ്ടാമത്തെ മരുന്ന് മിശ്രിതം

**ചേരുവകൾ : രണ്ടു തവണത്തെ ഉപയോഗത്തിന് (രണ്ടു ഡോസ് )**

വെളുത്തുള്ളി - 2 അല്ലി, മല്ലി - 10 ഗ്രാം, ജീരകം - 10 ഗ്രാം, തുളസി - ഒരു പിടി, ഉണങ്ങിയ എടന / വഴന ഇല - 10 ഗ്രാം, കുരുമുളക് - 10 ഗ്രാം, വെറ്റില - 10 എണ്ണം, ചെറിയ ഉള്ളി - 2 എണ്ണം, മഞ്ഞൾപ്പൊടി - 10 ഗ്രാം, കിരിയാത്തില ഉണക്കി പൊടിച്ചത് - 30 ഗ്രാം, കർപ്പൂരത്തുളസി ഇല - ഒരു പിടി, ആര്യവേപ്പില - ഒരു പിടി, കൂവളത്തില - ഒരു പിടി, ശർക്കര - 100 ഗ്രാം

**തയ്യാറാക്കുന്ന വിധം :**

- എല്ലാ ചേരുവകളും നന്നായി അരച്ച് ശർക്കരയുമായി യോജിപ്പിക്കുക
- കുറേശ്ശെയായി വായിലൂടെ ഉള്ളിലേയ്ക്ക് നല്കുക
- ആദ്യത്തെ ദിവസം മൂന്നു മണിക്കൂർ ഇടവിട്ട് ഓരോ ഡോസ് നല്കുക
- രണ്ടാമത്തെ ദിവസം മുതൽ അസുഖം ഭേദമാകുന്നതു വരെ ദിവസേന രാവിലെയും വൈകിട്ടും ഓരോ ഡോസു വീതം നല്കുക
- ഓരോ ദിവസം നൽകാനുള്ള മരുന്ന് അന്നന്ന് തയ്യാറാക്കുക





കൂവളം വെളുത്തുള്ളി മഞ്ഞൾപ്പൊടി കിരിയാത്ത് വെറ്റില കുരുമുളക് എടന / വഴന ഇല

തുളസി ചെറിയ ഉള്ളി ശർക്കര കർപ്പൂരത്തുളസി ആര്യവേപ്പ് ജീരകം മല്ലി

## B പുറമെ പുരട്ടാൻ

(മുറിവുണ്ടെങ്കിൽ)

**ചേരുവകൾ :**

കുപ്പമേനിയില - ഒരു പിടി, വെളുത്തുള്ളി - 10 അല്ലി, ആര്യവേപ്പില - ഒരു പിടി, വെളിച്ചെണ്ണ അല്ലെങ്കിൽ എള്ളെണ്ണ - 500 മി.ലി.,മഞ്ഞൾപ്പൊടി - 20 ഗ്രാം, മൈലാഞ്ചിയില - ഒരു പിടി, തുളസിയില - ഒരു പിടി.



വെളുത്തുള്ളി മഞ്ഞൾപ്പൊടി ആര്യവേപ്പ് കുപ്പമേനി വെളിച്ചെണ്ണ അല്ലെങ്കിൽ എള്ളെണ്ണ മൈലാഞ്ചി തുളസി

**തയ്യാറാക്കുന്ന വിധം :**

(i) എല്ലാ ചേരുവകളും നന്നായി അരച്ചെടുക്കുക.(ii) 500 മി.ലി. വെളിച്ചെണ്ണ അല്ലെങ്കിൽ എള്ളെണ്ണ ചേർത്ത് തിളപ്പിച്ചാറ്റി എടുക്കുക

**ഉപയോഗിക്കേണ്ട വിധം:**

മുറിവ് വൃത്തിയാക്കിയതിനു ശേഷം പുരട്ടുക.

**മുറിവിൽ പുഴുക്കൾ ഉണ്ടെങ്കിൽ:**

മുറിവിൽ പുഴുക്കൾ ഉണ്ടെങ്കിൽ ആദ്യത്തെ ദിവസം മാത്രം ആത്തയില അരച്ചു പുരട്ടുകയോ കർപ്പൂരം ചേർത്ത വെളിച്ചെണ്ണ പുരട്ടുകയോ ചെയ്യുക.



ആത്ത

NATIONAL DAIRY DEVELOPMENT BOARD

പ്രൊഫ. എൻ. പുണ്യമൂർത്തിയുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയത് (profpunniya@gmail.com)

കൂടുതൽ വിവരങ്ങൾക്ക് സമ്പർക്കപ്പെടുക: anand@nddb.coop

www.nddb.coop • facebook.com/NationalDairyDevelopmentBoard

TDU Institute of Transdisciplinary Health Sciences & Technology